"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതിവകുപ്പ് - എക്സൈസ് - ഭരണപരം - എക്സൈസ് വകുപ്പിന് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി(എഫ് )വകുപ്പ്**

**സ.ഉ.(കൈ) നം.10/2026/TAXES തീയതി, തിരുവനന്തപുരം, 21-02-2026**

---

പരാമർശം:-

1. 16.05.2025-ലെ സ.ഉ.(കൈ)നം.45/2025/TAXES.
2. 25.08.2025-ലെ സ.ഉ.(കൈ)നം.78/2025/TAXES.
3. എക്സൈസ് കമ്മീഷണറുടെ 08.10.2025-ലെ ഇ.എക്സ്.സി/4580/2024-എക്സ്.എഫ്.ബി1-Part(1) നമ്പർ കത്ത്.

**ഉത്തരവ്**

2025-26 സാമ്പത്തിക വർഷത്തിൽ '2039-00-001-94-00-34-03-P-V എക്സൈസ് വകുപ്പിന്റെ നവീകരണം' എന്ന ശീർഷകത്തിൽ എക്സൈസ് വകുപ്പിന്റെ പദ്ധതിയിനത്തിൽ വാഹനം വാങ്ങൽ എന്ന പ്രവൃത്തിക്ക് ആകെ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 7 വാഹനങ്ങൾ വാങ്ങുന്നതിന് പരാമർശം (1) പ്രകാരം 67.72 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക കുറച്ച ശേഷമുള്ള 332.28 ലക്ഷം രൂപ വിനിയോഗിച്ച് എക്സൈസ് വകുപ്പു മേധാവിയുടെ ഉപയോഗത്തിനായി ഒരു ഇന്നോവ ക്രിസ്റ്റ വാഹനം, എൻഫോഴ്സ്മെന്റ് ആവശ്യങ്ങൾക്കായി MAHINDRA BOLERO B4 BS VI വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനായി പരാമർശം (3) പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എക്സൈസ് വകുപ്പിന് 2025-26 സാമ്പത്തിക വർഷത്തിൽ '2039-00-001-94-00-34-03-P-V എക്സൈസ് വകുപ്പിന്റെ നവീകരണം' എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള 400 ലക്ഷം രൂപയിൽ നിന്നും 7 വാഹനങ്ങൾ വാങ്ങുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള 67.72 ലക്ഷം രൂപ കിഴിച്ച് ബാക്കിയുള്ള 332.28 ലക്ഷം രൂപ വിനിയോഗിച്ച് എക്സൈസ് വകുപ്പ് മേധാവിയുടെ ഉപയോഗത്തിനായി 26 ലക്ഷം രൂപ

ചെലവിൽ ഒരു ഇന്നോവ ക്രിസ്റ്റ വാഹനവും, എക്സൈസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് ആവശ്യങ്ങൾക്കായി ഫിറ്റ്നസ് കാലാവധി കഴിഞ്ഞതും **condemnation** നിർദ്ദേശിക്കപ്പെടുന്നതുമായ **34** വാഹനങ്ങൾക്കു പകരം ബന്ധപ്പെട്ട ഫീൽഡ് ഓഫീസുകൾക്ക് **9** ലക്ഷം രൂപവീതം വിലവരുന്ന **34 MAHINDRA BOLERO B4 BS VI** വാഹനങ്ങളും ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി വാങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

**i. Enforcement** ആവശ്യങ്ങൾക്കായി **Replace** ചെയ്യപ്പെടുന്ന **34** വാഹനങ്ങളും **15** വർഷ കാലാവധി പിന്നിട്ടതാണ് എന്ന് എക്സൈസ് കമ്മീഷണർ ഉറപ്പുവരുത്തേണ്ടതാണ്;

**ii.** എക്സൈസ് കമ്മീഷണർ ലഭ്യമാക്കിയിട്ടുള്ള **34** വാഹനങ്ങൾ **replace** ചെയ്യുന്നതിനുവേണ്ടി പ്രസ്തുത വാഹനങ്ങൾ ഏത് ഓഫീസിനാണോ അനുവദിച്ചിട്ടുള്ളത് അതേ ഓഫീസുകൾക്കുതന്നെ പുതിയ വാഹനം അനുവദിക്കേണ്ടതാണ്;

**iii.** എക്സൈസ് കമ്മീഷണർക്ക് പുതിയ വാഹനം അനുവദിക്കുമ്പോൾ നിലവിൽ ഉപയോഗിച്ചുവരുന്ന വാഹനം മറ്റു വകുപ്പുകൾക്ക് അനുവദിക്കുന്നതിനുവേണ്ടി **VEELS software**-ൽ സറണ്ടർ ചെയ്യേണ്ടതാണ്;

**iv.** എക്സൈസ് വകുപ്പിലെ **Enforcement** ഉദ്യോഗസ്ഥർ വാഹനം ഡ്രൈവ് ചെയ്യും എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആണ് ഡ്രൈവർ തസ്തികയുടെ എണ്ണം കണക്കിലെടുക്കാതെ **35** വാഹനങ്ങൾ വാങ്ങാൻ അനുമതി നൽകുന്നത്. അതിനാൽ, ഭാവിയിൽ ടി വാഹനങ്ങൾക്കുവേണ്ടി ഡ്രൈവർ തസ്തിക സൃഷ്ടിക്കണം എന്ന ആവശ്യം പരിഗണിക്കില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.

2.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്-ഇ.ആർ.എസ്.എ.) കേരളം, തിരുവനന്തപുരം).

3.ധനകാര്യ വകുപ്പ് (**2897142/EXP-B1/485/2024-FIN DATED 30.01.2026** പ്രകാരം).

4.പൊതുഭരണ (എസ്.സി)വകുപ്പ് ( **20.02.2026**-ലെ ഇനം നമ്പർ **3716** പ്രകാരം).

5.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

6.കരുതൽ ഫയൽ / ഓഫീസ് കോപ്പി (**F3/337/2025-TAXES**).

ഉത്തരവിൻ പ്രകാരം

Signed by

Vivil Kumar

സെക്ഷൻ ഓഫീസർ

Date: 21-02-2026 17:32:43